പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **900**

**03.12.2014** ൽ മറുപടിക്ക്

## കാപ്പിത്തോടിന്റെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) |
| (എ) കാപ്പിത്തോടിന്റെ നവീകരണം സംബന്ധിച്ച് മുഖ്യമന്ത്രി യോഗം വിളിച്ചിരുന്നോ; യോഗനടപടി ക്കുറിപ്പിന്റെ പകർപ്പ് ലഭ്യമാ ക്കുമോ; | (എ) യോഗം വിളിച്ചിരുന്നു. യോഗനടപടി ക്കുറിപ്പിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത യോഗത്തിൽ കാപ്പിത്തോടിന്റെ നവീകരണത്തി നായി 16 കോടി രൂപയുടെ ഭരണാനുമതി നൽകാൻ തീരു മാനിച്ചിരുന്നോ; ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവി ച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തര വിന്റെ പകർപ്പ് ലഭ്യമാക്കാമോ; (സി) യോഗതീരുമാനത്തിന്റെ അടി സ്ഥാനത്തിൽ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചി ട്ടില്ലെങ്കിൽ കാരണം വ്യക്ത മാക്കാമോ? | (ബി) & (സി) പ്രസ്തുത യോഗത്തിൽ കാപ്പിത്തോടിന്റെ നവീകരണത്തി നായി 16 കോടി രൂപയുടെ ഭരണാനുമതി നൽകാൻ തീരുമാനിച്ചിരുന്നു. ആയതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ കാപ്പിത്തോടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ സംബന്ധിച്ച് ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 03-03-2014 ന് നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

യോഗം 03-03-2014, 12 മണിയ്ക്ക് ആരംഭിച്ചു. യോഗത്തിൽ ബഹു. കേന്ദ്ര സിവിൽ ഏവിയേഷൻ സഹ മന്ത്രി കെ. സി. വേണുഗോപാൽ, ആലപ്പുഴ ജില്ലാകളക്ടർ, ഇറിഗേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ, പൊല്യൂഷൻ കൺട്രോൾ ബോർഡ് ഉദ്യോഗസ്ഥർ, ആക്ഷൻ കൗൺസിൽ അംഗങ്ങൾ, പീലിംഗ് ഷെഡ് ഉടമകൾ, പാടശേഖര സമിതി പ്രതിനിധികൾ, സ്ഥലത്തെ ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

കാപ്പിത്തോട് മലിനീകരണം കാരണം തദ്ദേശവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ വിവരിക്കപ്പെട്ടു. ഇതിനുള്ള പരിഹാരമാർഗ്ഗങ്ങൾ ജില്ലാകളക്ടറും, ഇറിഗേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ സൗത്ത് സർക്കിളും വിവരിച്ചു. താഴെ പറയും പ്രകാരമുള്ള വിഷയങ്ങൾ യോഗത്തിൽ തീരുമാനിച്ചു.

1. ശരിയാംവിധമുള്ള effluent treatment plant സ്ഥാപിക്കണമെന്ന നിബന്ധനയോട് കൂടിയേ ഇനി മേൽ peeling shed കൾക്ക് ലൈസൻസ് കൊടുക്കുകയുള്ളൂ. നിലവിലുള്ള peeling shed ഉടമകൾ Pollution Control Board തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള treatment plant ന്റെ 1/3 തുക നോട്ടീസ് കൈപ്പറ്റി 1 മാസത്തിനകം അടയ്ക്കണം. ബാക്കി ചെലവ് Pollution Control Board വഹിക്കുന്നതാണ്.

2. കാപ്പിത്തോട് പുനരുദ്ധാരണത്തിനായി 22-05-13 ലെ ജി.ഒ. (ആർ.ടി) 568/13/ജ.വി.വ. ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയ 10.6 കോടി രൂപയുടെ എസ്റ്റിമേറ്റിന് പകരം 16.6 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിനു അനുമതി നൽകാൻ തീരുമാനിച്ചു.

3. കക്കാഴം ഹൈസ്കൂളിന് അടുത്തും S.N.V. ITI യ്ക്ക് സമീപവും വെള്ളം കെട്ടിക്കിടക്കുന്നത് മൂലം സ്കൂൾ കുട്ടികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഈ ഭാഗത്ത് അടിയന്തിരമായി കാപ്പിത്തോട് ശുചീകരിക്കുന്നതിന് ജലസേചന വകുപ്പിനെ ചുമതലപ്പെടുത്തി. ഇതിനുള്ള തുക Pollution Control Board ജില്ലാപഞ്ചായത്തിന് നൽകിയ 40 ലക്ഷം രൂപയിൽ നിന്ന് ജലസേചന വകുപ്പിന് നൽകാൻ തീരുമാനമായി.

സെക്ഷൻ ഓഫീസർ

യോഗത്തിൽ പങ്കെടുത്തവർ

1. ശ്രീമതി. ബി. സുലേഖ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, അമ്പലപ്പുഴ.
2. ശ്രീ. എൻ. പത്മകുമാർ, ജില്ലാകളക്ടർ, ആലപ്പുഴ.
3. ശ്രീമതി. വിജയശ്രീ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ, തിരുവനന്തപുരം.
4. ശ്രീ. റ്റി. സി. രവീന്ദ്രനാഥ്, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇറിഗേഷൻ സൗത്ത് സർക്കിൾ, തിരുവനന്തപുരം.
5. ശ്രീ. തോമസ് വർഗ്ഗീസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ, ആലപ്പുഴ.
6. ശ്രീ. ബിജോയ്. കെ. വർഗ്ഗീസ്, ഡിസ്ട്രിക്ട് കോ-ഓർഡിനേറ്റർ, ശുചിത്വമിഷൻ, ആലപ്പുഴ
7. ശ്രീ. കെ.ആർ. പ്രമോദ്കുമാർ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ആലപ്പുഴ.
8. ശ്രീ. ശോബിതാനാരായണൻ, ഡിഡിഎ (NWDPRA), Principal Apl. Office, Alappuzha.
9. ശ്രീ. എ. സഫീർ പീഡിയാക്കൽ, വന്ദനം. പി.ഒ., ആലപ്പുഴ -5, ജനറൽ സെക്രട്ടറി, ആൾ കേരള പ്രോൺ പീലിംഗ് അസോസിയേഷൻ.
10. ശ്രീ. കെ.എം. കുഞ്ഞുമോൻ, പിടിഎ പ്രസിഡന്റ്, എച്ച്.എസ്., കക്കാഴ
11. ഡോ. സുമ. ടി.കെ., റിട്ട. സൂപ്രണ്ട്, ഗവ.ഐ.ഡി.എം.സി.എ., ആലപ്പുഴ.
12. ശ്രീ. എസ്. എം.നസീർ, പിടിഎ പ്രസിഡന്റ്, SNVITI, കക്കാഴ
13. ശ്രീ. അൻസിൽ. എം.എ., പീലിംഗ് ഷെഡ് ഉടമ.
14. ശ്രീ. രാജേന്ദ്രൻ. കെ.ജി., Kanime/Konil.